15350
4/10/16

Abstract

# GOVERNMENT OF KERALA

Personnel & Administrative Reforms Department - Institute of Management in Government – Establishment Granting Pay arrears to 11permanent faculty members of IMG from 01.01.2006-17.05.2011-sanctioned -Orders issued.

---

## PERSONNEL & ADMINISTRATIVE REFORMS (AR-13) DEPARTMENT

G.O.(MS) No. 17/2016/P&ARD Thiruvananthapuram, **Dated:06.08.2016**

---

Read:- 1) GO(P) No.58/2010/H.Edn dated 27.03.2010

2) GO(MS) No.13/2011/P&ARD dated 17.05.2011.

3) Petitions dtd 4.12.2015 received from faculty members of IMG.

## ORDER

The Government vide GO read as 2nd paper above have revised the pay and allowances of Faculty members of IMG, with the conditions that the monitory benefits owing to the revision will be from the date of order and the benefits of the pay revision will be notional from 01.01.2006 to the date of the order.

Several petitions had been received in Govt. from the faculty members of IMG requesting to allow pay arrears to its permanent faculty members for the period from 01.01.2006 to 17.05.2011 ie, the date of order granting the revised UGC scale vide letter read as 3rd paper above.

IMG has reported that the total arrear amount due from 01.01.2006 to 17.05.2011 of the 11 faculty members are 97,15,925/(Ninty seven lakshs fifteen thousand nine hundred and twenty five only). Among the 11 faculty members 4 are already retired. It is also reported that IMG have generated enough surplus through consultancy projects and IMG is not dependent on Government for paying pay arrears in 4 installments.

Government have examined the matter in detail and are pleased to revise the condition number VIII stipulated in GO 2nd cited and accord sanction to IMG to pay arrears of an amount of 97,15,925/- (Ninty Seven lakhs fifteen thousand nine hundred & twenty five only ) to 11 permanent faculty members including 4 retired faculty members under UGC scale of pay from 01.01.2006-17.05.2011. Government expects IMG to make payments of arrears from it own sources.

It is also ordered that the order read as 2nd paper above stands modified to this extent.

By Order of the Governor
Satyajeet Rajan
Principal Secretary

To

The Director General IMG, Thiruvananthapuram
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E), Kerala, Thiruvananthapuram

Finance Department (vide note.94152/PUC4/15/Fin)
All 11 beneficiary faculty members (through DG,IMG)
The PS to Chief Minister
The PS to Minister (Finance)
The Addl. Secretary to Chief Secretary
~~The~~ GA(SC) Department vide item No. 140 dtd 03/8/2016
The District Treasury Officer, Thiruvananthapuram
The CA to Secretary (P&ARD)
I&PR Department (for publishing in the website)
The Stock File/Office Copy.

Forwarded by/Order

Section Officer

രഹസ്യം

# കേരള സർക്കാർ

56) ## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 03-08-2016.

ഫയൽ നം.22887/എ.ആർ.13(1)/2015/ഉ.ഭ.പ.വ. ഇനം നം: 140

വിഷയം : ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - ഐ.എം.ജി.-യിലെ അദ്ധ്യയന വിഭാഗം ജീവനക്കാർക്ക് 01.01.2006 മുതൽ 17.05.2011 വരെയുള്ള ശമ്പള കുടിശ്ശിക നൽകുന്നതിനായി 17.05.2011-ലെ സ.ഉ.(പി) നം.13/2011/ഉഭപവ. ഉത്തരവിലെ വ്യവസ്ഥ നം.VIII പുനഃപരിശോധിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 22887/എ.ആർ13(1)/15/ഉഭപവ |
| 2 | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 13) വകുപ്പ് |
| 3 | വിഷയം | : | ഐ.എം.ജിയിലെ അദ്ധ്യയന വിഭാഗം ജീവനക്കാർക്ക് 01.01.2006 മുതൽ 17.05.2011 വരെയുള്ള ശമ്പള കുടിശ്ശിക നൽകുന്നതിനായി 17.05.2011 ലെ സർക്കാർഉത്തരവ്(പി) നം.13/2011/ഉഭപവ നം. ഉത്തരവിലെ വ്യവസ്ഥ നം.VIII പുനപരിശോധിക്കുന്നു സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06/07/16 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുലല കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മിനിമോൾ എബ്രഹാം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സത്യജിത്ത് രാജൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/07/16 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.എസ്.എം.വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/07/16 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26/07/16 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27/07/16 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറട് കുറിപ്പ്

1)ഐ.എം.ജിയിലെ അദ്ധ്യയന വിഭാഗം ജീവനക്കാർക്ക് 01.01.2006 മുതൽ യു.ജി.സി സ്കെയിൽ അനുവദിച്ച് ഉത്തരവായ തീയതിയായ 17.05.2011 വരെയുള്ള ശമ്പള കുടിശ്ശിക അനുവദിക്കണമെന്ന അദ്ധ്യയന വിഭാഗം ജീവനക്കാരുടെ ആവശ്യം സംബന്ധിച്ച കുറിപ്പാണിത്.

2)17.05.2011 ലെ ഗവ.ഉത്തരവ്(എം.എസ്) നം.13/2011/ഉഭപവ പ്രകാരം ശമ്പളപരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾക്ക് പ്രസ്തുത ഉത്തരവിന്റെ തീയതി മുതൽക്കേ അദ്ധ്യയന വിഭാഗം ജീവനക്കാർക്ക് അർഹതയുള്ളൂ എന്ന വ്യവസ്ഥയോടെ ഐ.എം.ജിയിലെ അദ്ധ്യയന വിഭാഗം അംഗങ്ങൾക്ക് പുതുക്കിയ യു.ജി.സി ശമ്പളസ്കെയിൽ അനുവദിച്ച് ഉത്തരവായി. 20.04.2011 ൽ കൂടിയ മന്ത്രിസഭായോഗത്തിൽ ഐ.എം.ജിയിലെ ഫാക്കൽറ്റി മെമ്പേഴ്സിന്റെ യു.ജി.സി ശമ്പള പരിഷ്കരണം പരിഗണിച്ചപ്പോൾ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകേണ്ടെന്ന് തീരുമാനിച്ചിരുന്നു.

3)ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ 01.01.2006 മുതൽ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഐ.എം.ജിയിലെ അധ്യയന വിഭാഗം ജീവനക്കാർ അപേക്ഷകൾ സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയത്തിൻമേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"Finance agrees to the proposal of AD subject to the condition that arrear payment on this account shall be given in four equal installment."

4)പ്രസ്തുത അപേക്ഷകൾ സർക്കാർ പരിഗണിക്കുകയും കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 17.05.2011 ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) നം.13/2011/ഉഭപവ/ നമ്പർ ഉത്തരവ് ഇറക്കിയതെന്നതിനാൽ അപേക്ഷകൾ നിരസിക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷകളിലൊരണ്ണം പരിഗണിക്കുമ്പോൾ ബഹു മുൻ മുഖ്യമന്ത്രി താഴെ പറയും പ്രകാരം ഉത്തരവിട്ടിരുന്നു.

" Since the decision to allow monetary benefits from the date of order was taken by council of Ministers, present request need not be considered."

5) ഫയൽ വീണ്ടും 20.12.2015 ൽ ധനകാര്യ വകുപ്പിനയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർത്തിരിക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"ഫാക്കൽറ്റി മെമ്പേഴ്സിന്റെ കുടിശ്ശിക 4 installment ആയി നൽകുന്നതിന് ഈ വകുപ്പിൽ നിന്ന് അനുവാദം നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണവകുപ്പിന് ഉചിതമായ ഒരു തീരുമാനം കൈകൊള്ളാമെന്നും ഈ വകുപ്പിന്റെ അഭിപ്രായത്തോട് യോജിക്കുന്ന പക്ഷം ആയതിന് മന്ത്രിസഭയുടെ അംഗീകാരം തേടണമെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

6) 01.06.2006 മുതൽ ഏപ്രിൽ 2011 വരെയുള്ള 11 ഫാക്കൽറ്റി മെമ്പേഴ്സിന്റെ ശമ്പള കുടിശ്ശിക 97,15,925 രൂപയാണെന്നും പ്രസ്തുത ഫാക്കൽറ്റിമെമ്പേഴ്സിൽ 4 പേർ വിരമിച്ചുവെന്നും ഐ.എം.ജി അറിയിച്ചിട്ടുണ്ട്.

7) യു.ജി.സി ശമ്പള സ്കെയിലുമായി ബന്ധപ്പെട്ട ശമ്പള കുടിശ്ശിക കില, എസ്.ഐ.ആർ.ഡി എന്നിവിടങ്ങളിലെ അധ്യയന വിഭാഗം ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. ഐ.എം.ജിയുടെ ഫണ്ടിൽ നിന്നും കില, എസ്.ഐ.ആർ.ഡി, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ നിന്നും അന്യത്ര സേവനത്തിൽ ഐ.എം.ജിയിലുള്ള ഫാക്കൽറ്റി മെമ്പേഴ്സിന് അനുവദനീയമായ ശമ്പള കുടിശ്ശിക നൽകിയിട്ടുണ്ട്. ആയതിനാൽ ഐ.എം.ജിയിലെ അധ്യയന വിഭാഗം ജീവനക്കാർക്ക് കൂടി ശമ്പള കുടിശ്ശിക നൽകിയാൽ ഉചിതമായിരിക്കും.

8) നിലവിൽ 3 കൺസൾട്ടൻസി പ്രോജക്ടുകൾ ഏകദേശം പൂർത്തിയാക്കുകയും അതിൽ നിന്നും 80 ലക്ഷംരൂപ ഐ.എം.ജി മിച്ചം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ പ്രോജക്ടുകളിൽ നിന്നും ഐ.എം.ജി അധിക തുക സമാഹരിച്ചിട്ടുണ്ട്. ആയതിനാൽ അധ്യയന വിഭാഗം ജീവനക്കാർക്ക് ശമ്പള കുടിശ്ശിക കൊടുക്കുന്നതിനായി ഐ.എം.ജിയ്ക്ക് ഗവൺമെന്റിനെ ആശ്രയിക്കേണ്ടതില്ല എന്ന് ഡയറക്ടർ ജനറൽ ശുപാർശ ചെയ്തിട്ടുണ്ട്.

9) കൺസൾട്ടൻസി സർവ്വീസ് മുഖാന്തിരം ഐ.എം.ജി വേണ്ടുവോളം അധിക തുക സമാഹരിച്ചിട്ടുള്ള സാഹചര്യത്തിലും ശമ്പള കുടിശ്ശിക നൽകുന്നതിന് സർക്കാർ ധനസഹായം ആവശ്യമില്ലാത്തതിനാലും യു.ജി.സി ശമ്പള സ്കെയിലിനു വിധേയമായി അധ്യയന വിഭാഗം ജീവനക്കാർക്ക് 2006 മുതൽ 2011 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക 4 ഗഡുക്കളായി നൽകുന്നതിന് ഐ.എം.ജിയ്ക്ക് അനുവാദം നൽകാവുന്നതാണ്.

10) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട കാര്യം**

20.04.2011 ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം 17.05.2011 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (പി) നം. 13/2011/ഉഭപവ നമ്പർ ഉത്തരവിലെ വ്യവസ്ഥ നം. viii പുന:പരിശോധിച്ച് ഐ.എം.ജിയിലെ സ്ഥിരം അധ്യയന വിഭാഗം ജീവനക്കാർക്ക് യു.ജി.സി നിരക്കിലുള്ള ശമ്പള കുടിശ്ശികയായ 97,15,925/-രൂപ 4 ഗഡുക്കളായി നൽകുന്നതിന് ഐ.എം.ജിയ്ക്ക് അനുവാദം നൽകാമോ?